**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 477** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് മാസം വരെ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ,ഭരണാനുമതി നൽകിയ പദ്ധതികൾ,ബഡ്ജറ്റുകളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതിനുശേഷം ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ,പദ്ധതിയുടെ പേര്,പദ്ധതിക്ക് അനുവദിച്ച തുക,ഭരണാനുമതി നൽകിയ ഉത്തരവുകളുടെ നമ്പർ,തീയതി,ബജറ്റിൽ ഉൾപ്പെട്ടിട്ടും ഭരണാനുമതി നൽകാത്ത പദ്ധതികൾ,അവയുടെ തുക എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** **<u>കെ.എസ്.ഇ.ബി.എൽ.</u>**

2021 ഏപ്രിൽ1 മുതൽ 2026 മെയ് മാസം വരെ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വിതരണമേഖലയിൽ മൂവാറ്റുപുഴ, ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ 7.23 കോടി രൂപയുടെ വിവിധ പദ്ധതികൾക്കാണ് കെ.എസ്.ഇ.ബി.എൽ ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 6.81 കോടി രൂപയുടെ പ്രവർത്തികളും കെ എസ് ഈ ബി എൽ - ന്റെ തനത് പദ്ധതിയായ ദ്യുതി പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ദ്യുതി പദ്ധതിയിലുൾപ്പെടുത്തിയ പ്രവർത്തികളിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞു. 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തികളിൽ 1.96 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 4.85 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കൂടാതെ 42.14 ലക്ഷം രൂപയുടെ പി.പി.എസ് (പൊതുജന പങ്കാളിത്ത പദ്ധതികൾ) വർക്കുകളും വൈദ്യുതി വകുപ്പ് മുഖേന മൂവാറ്റുപുഴ ഡിവിഷന് കീഴിൽ നടപ്പിലാക്കി വരുന്നു. ഇതിൽ 32.82 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു . 9.32 ലക്ഷം രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

പെരുമ്പാവൂർ ഡിവിഷൻ പരിധിയിൽ വരുന്ന വാഴക്കുളം, പട്ടിമറ്റം, കിഴക്കമ്പലം, എടത്തല എന്നീ സെക്ഷനുകളിൽ ആയി കെ.എസ്.ഇ.-ബി.എൽ-ന്റെ തനത് പദ്ധതിയായ ദ്യുതി പദ്ധതിയിൽപ്പെടുത്തി 27.6 കോടി രൂപയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2021-22, 2022-23 വർഷത്തെ പദ്ധതിയിൽ 3.2 കോടി രൂപയുടെ 62 പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. 2023-24 വർഷം 3.8 കോടി രൂപയുടെ 59 പ്രവർത്തികളിൽ 94% പൂർത്തിയായി. ബാക്കിയുള്ളവ പുരോഗമിക്കുന്നു. 2024-25 വർഷത്തെ 8.2 കോടി രൂപയുടെ 89 പ്രവൃത്തികളിൽ 53% പൂർത്തീകരിച്ചു ബാക്കിയുള്ളവ

പുരോഗമിക്കുന്നു. 2025-26 വർഷത്തെ 5.7 കോടി രൂപയുടെ 72 പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ 2026-27 വർഷത്തേക്ക് 6.7 കോടി രൂപയുടെ 67 പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

തൃപ്പൂണിത്തുറ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ 2021-26 കാലഘട്ടത്തിൽ വൈദ്യുതി വകുപ്പ് ദ്യുതി 2.0 പദ്ധതിയിലൂടെ 23.18 കോടി രൂപയുടെ 293 പ്രവൃത്തികൾ ആണ് നടപ്പിലാക്കി വരുന്നത്. 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നേടിയ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

ഭരണാനുമതി ലഭിക്കാത്ത പദ്ധതികളോ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയതിന് ശേഷം ഭരണാനുമതി ലഭിക്കാത്ത പദ്ധതികളോ വൈദ്യുതി വകുപ്പിന് കീഴിൽ നിലവിലില്ല.

2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് മാസം വരെ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.

| **ക്രമ നം** | **പദ്ധതിയുടെ പേര്** | **അനുവദിച്ച തുക** | **ഭരണാനുമതി ഉത്തരവ് നമ്പരും തീയതിയും** |
|---|---|---|---|
| 1 | പുത്തൻകുരിശ് 66 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റി പുതിയ പാനലുകൾ സ്ഥാപിച്ച് സബ്സ്റ്റേഷൻ ആധുനീകരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു | 180 ലക്ഷം രൂപ | TCK/AS 03/23-24 ്dtd.16.12.23 |
| 2 | കിഴക്കമ്പലം 110 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റി പുതിയ പാനലുകൾ സ്ഥാപിച്ച് സബ്സ്റ്റേഷൻ ആധുനീകരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു | 140 ലക്ഷം രൂപ | AS No; TDK-06/2023-24 dtd 10.01.24 |
| 3 | ബ്രഹ്മപുരം 220KV സബ്സ്റ്റേഷനിലെ ശേഷി വർദ്ധിപ്പിക്കൽ ജോലി- പുതിയ 12.5MVA, 110/11kV ട്രാൻസ്ഫോർമർ സ്ഥാപിച്ച് 361 MVA ശേഷി ഉണ്ടായിരുന്ന സബ്സ്റ്റേഷന്റെ ശേഷി 373.5 MVA | 362 ലക്ഷം രൂപ | AS No. 09/24-25/TCK dated 15.01.2025 |

| | | | |
|---|---|---|---|
| | ആക്കി വർധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു | | |
| 4 | മഴുവന്നൂർ 33 കെ.വി സബ്സ്റ്റേഷനിലെ ശേഷി വർദ്ധിപ്പിക്കൽ ജോലി- നിലവിലുള്ള സബ്സ്റ്റേഷന്റെ ശേഷി 13 MVA യിൽ നിന്നും 16 MVA ആക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. (5MVA to 8MVA) **(20.01.2022 -ൽ കമ്മീഷൻ ചെയ്തു)** | 130 ലക്ഷം രൂപ | DCE/AS-03/2017-18 dated 13.09.2017 |

ഭരണാനുമതി നൽകിയതും, പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ താഴെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **അനുവദിച്ച തുക** | **ഭരണാനുമതി ഉത്തരവ് നമ്പരും തീയതിയും** |
|---|---|---|---|
| 1 | 220 കെ.വി. സബ്സ്റ്റേഷൻ ബ്രഹ്മപുരത്തിന്റെ ശേഷി വർധിപ്പിക്കുന്നതിനായി ഒരു 200 MVA ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുന്ന പ്രവൃത്തി | 17.7 കോടി രൂപ | AS No: DTSO No:1910/2024 [D(T & SO)/T3/ Brahmapuram/ 24-25 TVM dtd 09.12.2024 |
| 2 | 220 കെ.വി. അമ്പലമുകൾ സബ് സ്റ്റേഷന്റെ ഭാഗമായി 66 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം | 40 കോടി രൂപ | Office order (CMD) No:28/2026 [D(T & SO) AE6/ KLSY/ Ambalamughal/25-26/ TVM dtd 09.01.2026 |
| 3 | 220 കെവി അമ്പലമുകൾ സബ്സ്റ്റേഷനിൽ 33/11 kV, 5 MVA ട്രാൻസ്ഫോർമർ | 1.23 കോടി രൂപ | TCK/AS- 14/2025-26 dated 23.02.2026 |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്ന പ്രവൃത്തി | | |
| 4 | 110 കെ.വി പെരുമ്പാവൂർ സബ്സ്റ്റേഷന്റെ നവീകരണവും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തി | 20 കോടി രൂപ | B.O (FTD) No.533/2020 D(T&SO/T3/TDPZH A/Pbr 110kV AIS S/s/2020-21 dated Tvpm 18.08.2020 |

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ, തുക വകയിരുത്തിയതിന് ശേഷം ഭരണാനുമതി ലഭിക്കാത്തതും, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടും ഭരണാനുമതി നൽകാത്തതുമായ പദ്ധതികൾ ഒന്നും തന്നെയില്ല.

കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ, സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി, 63 ലക്ഷം രൂപ ചിലവിൽ, 140 kW സ്ഥാപിത ശേഷിയിൽ, 19 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, കെ എസ് ഇ ബി യുടെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് 12 കോടി 37 ലക്ഷത്തി അൻപതിനായിരം രൂപ ചിലവിൽ, 2750 kW സ്ഥാപിത ശേഷിയിൽ, 2 സോളാർ പ്ലാന്റുകളും കമ്മീഷൻ ചെയ്തിട്ടുണ്ട്.

കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലങ്ങളുടെ വിശദാംശങ്ങളും ചെലവഴിച്ച തുകയും **അനുബന്ധം-1** ആയി ചേർക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**<u>അനെർട്ട്</u>**

2021 ഏപ്രിൽ ഒന്നു മുതൽ 2026 മെയ് മാസം വരെ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സ്ഥാപനങ്ങളിലായി ആകെ 50 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു.

2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് മാസം വരെയുള്ള കാലയളവിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് പബ്ലിക് ഇ-കാർ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചതിന് 25 kW ന്റെ മെഷീൻ സ്ഥാപിച്ചതിന് സബ്സിഡി ആയി ശ്രീ ജോയ് എ. ജെ, അടാട്ടുമൂലയിൽ ഹൗസ്, പിനാർമുണ്ട, പെരിങ്ങാല എന്ന വ്യക്തിക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽപറഞ്ഞ പദ്ധതിയ്ക്കായി 1,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗതാഗതവകുപ്പിൽ നിന്നും അനുവദിച്ച തുകയാണ് സബ്സിഡി ആയി നൽകിയത്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

## List of Pole mounted Charging Station in Kunnathunad Constituency

| SL No. | Location Name | Section | Amount (in Lakhs) |
|---|---|---|---|
| 1 | Mannoor Junction (Petrol pump) | Valayanchirangara | 16.7 |
| 2 | Pattimattom Junction Near MIST super market | Pattimattom | |
| 3 | Near Marambilly Panchayathu Office | Vazhakkulam | |
| 4 | Opposite 66kV Substation | Kolencherry | |
| 5 | Karimughal junction (Petrol Pump) | Puthancuriz | |
| 6 | Chembaraki | Vazhakkulam | |

അനുബന്ധം–2

**2021 ഏപ്രിൽ ഒന്നു മുതൽ 2026 മെയ് മാസം വരെ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച സൗരോർജ്ജ നിലയങ്ങളുടെ വിശദാംശങ്ങൾ**

| Sl. No. | Name of Project | Installed Capacity (kW) | Work Order Amount (Rs.) | Location |
|---|---|---|---|---|
| 1 | Kunnathunadu Police Station | 5 | 2,26,585/- | Kunnathunad |
| 2 | Vazhakkulam Police Station | 3 | 1,35,951/- | Vazhakulam |
| 3 | Puthencruz Police Station | 2 | 90,634/- | Puthencruz |
| 4 | Ambalamedu Police Station | 5 | 2,26,585/- | Ambalamedu |
| 5 | Thadiyittapparambu Police Station | 5 | 2,26,585/- | Thadiyittapparambu |
| 6 | LPGS Mazhuvanoor | 3 | 1,42,009/- | Mazhuvannoor |
| 7 | GHSS South Vazhakulam | 3 | 1,53,932/- | South Vazhakulam |
| 8 | GJBS Kanniyattunirappu | 3 | 1,53,870/- | Kanniyattunirappu |
| 9 | GHSS Poothrikka | 5 | 2,32,486/- | Poothrikka |
| 10 | GHSS Kadayirippu | 10 | 4,15,000/- | Kadayirippu |
| 11 | GHSS Akanad | 6 | 2,85,133/- | Akanad |
| | | **50** | | |